വായിച്ചുകൊടുക്കാൻ



# കൂട്ടുകാരുടെ പച്ചക്കറിത്തോട്ടം

■ ഗീത പി. എ കല്ലട

മുല്ലമലയുടെ താഴ്‌വാരത്തായിരുന്നു മുള്ളു എന്ന മുള്ളൻപന്നിയും മുല്ലു എന്ന മുയലും മിന്നു എന്ന മാനും കുന്നു എന്ന കുറുക്കനും താമസിച്ചിരുന്നത്. ഒരിക്കൽ അവർ നാലുപേരും ചേർന്ന് ഒരു പച്ചക്കറിത്തോട്ടമുണ്ടാക്കി. നാളുകൾ പലതു കഴിഞ്ഞപ്പോൾ പച്ചക്കറിയെല്ലാം വിളഞ്ഞ് വിൽപ്പനക്കു പാകമായി.

അപ്പോൾ കുന്നുക്കുറുക്കൻ മുള്ളു മുള്ളൻ പന്നിയോട് പറഞ്ഞു: "മുള്ളൂ, നീ പോയി വലിയൊരു കുട്ട വാങ്ങിക്കൊണ്ടു വാ.. പച്ചക്കറി ചന്തയിൽ കൊണ്ടുപോകാൻ കുട്ട വേണം."

മിന്നു വേഗം തന്നെ കുട്ട വാങ്ങാനായി പോയി. അപ്പോൾ കുന്നുക്കുറുക്കൻ മുല്ലു മുയലിനെയും മിന്നു മാനിനെയും വിളിച്ചു, എന്നിട്ട് പറഞ്ഞു: "ആ മുള്ളു ആളൊരു ദുഷ്ടനാണ്. അവനെ ഓടിച്ചു വിട്ടാൽ പച്ചക്കറിയിൽ നിന്നും കിട്ടുന്ന ലാഭം നമുക്ക് മൂന്നു പേർക്കും വീതിച്ചെടുക്കാം."

സംഗതി കൊള്ളാമെന്ന് മുല്ലു മുയലിനും മിന്നു മാനിനും തോന്നി. മൂന്നായി പങ്കുവെച്ചാൽ കൂടുതൽ കിട്ടുമല്ലോ.

താമസിയാതെ കുട്ടയുമായി മുള്ളു വന്നു. അപ്പോൾ കുന്നുവും മുല്ലുവും മിന്നുവും ഒത്തുചേർന്ന് വടിയും തടിയുമൊക്കെ എടുത്തുകൊണ്ട് 'കടക്ക് പുറത്ത്' എന്നു പറഞ്ഞ് അവന്റെ നേർക്കു ചെന്നു.

പേടിച്ചു പോയ മുള്ളു, 'ഹമ്മേ..' എന്ന് നിലവിളിച്ചു കൊണ്ട് ഓടിപ്പോയി.

കുറച്ചു സമയം കഴിഞ്ഞപ്പോൾ മിന്നുവിനെ വിളിച്ചിട്ട് കുന്നുക്കുറുക്കൻ പറഞ്ഞു: "പച്ചക്കറി ചന്തയിൽ കൊണ്ടുപോകാൻ ഒരു കുട്ട കൂടി വേണം. നീ വേഗം പോയി വലിയൊരു കുട്ട കൂടി വാങ്ങിക്കൊണ്ടു വാ..."

കേൾവിശക്തി ഏറ്റവും കൂടുതലുള്ള പക്ഷി – മൂങ്ങ

കുട്ട വാങ്ങാനായി മിന്നു പൊയ്ക്കഴിഞ്ഞപ്പോൾ മുല്ലുവിനോട് കുന്നു പറഞ്ഞു: “ആ മിന്നുവിനെ ഓടിച്ചു വിട്ടാൽ ലാഭം മുഴുവനും നമുക്ക് വീതിച്ചെടുക്കാം.”

അങ്ങനെ അവർ രണ്ടു പേരും ചേർന്ന് ‘കടക്ക് പുറത്ത്’ എന്നു പറഞ്ഞ് മിന്നുവിനെയും ഓടിച്ചു വിട്ടു.

മിന്നു പോയ്ക്കഴിഞ്ഞപ്പോൾ കുന്നുക്കുറുക്കൻ ഒരു മുട്ടൻ വടിയെടുത്ത് മുല്ലുവിനോട് പറഞ്ഞു: “ഇനി നീയും കടക്ക് പുറത്ത്. ഇല്ലെങ്കിൽ നിന്നെ ഞാൻ ശരിയാക്കും.”

പേടിച്ചു വിറച്ചുപോയ മുല്ലു ‘ങീ.. ങീ..’ എന്നു കരഞ്ഞുകൊണ്ട് ഓടിപ്പോയി. അതു കണ്ട് കുന്നുക്കുറുക്കൻ ‘ഹി.. ഹിഹി.,’ എന്ന് പൊട്ടിച്ചിരിച്ചു. അപ്പോഴതാ ചോരക്കണ്ണുള്ള ഒരാൾ മീശയും പിരിച്ച് അവിടേക്ക് വരുന്നു. ദുട്ടപ്പൻ എന്ന കടുവയായിരുന്നു അത്. അവിടെ മറ്റാരെയും കാണാഞ്ഞ് ദുട്ടപ്പൻ കടുവ പറഞ്ഞു: “കുന്നുക്കുറുക്കാ, ഈ പച്ചക്കറിത്തോട്ടം ഞാനിങ്ങെടുക്കുവാ. പച്ചക്കറിത്തോട്ടം എനിക്കു വേണം. നീ കടക്ക് പുറത്ത്!”

പേടിച്ചു വിറച്ചുപോയ കുന്നുക്കുറുക്കൻ ‘ങീ.. ങീ..’ എന്ന് കരഞ്ഞുകൊണ്ട് ഒറ്റ ഓട്ടം.

അങ്ങനെ അവൻ ഓടിയെത്തിയത് ഒരു ഗുഹയിലായിരുന്നു. അവിടെ അതാ മൂന്നു പേർ കുത്തിയിരുന്ന് കരയുന്നു. ആരൊക്കെയായിരുന്നെന്നോ അത്, മുള്ളുവും മിന്നുവും പിന്നെ മുല്ലുവും. കുന്നുവും അവർക്കൊപ്പം കുത്തിയിരുന്ന് കരയാൻ തുടങ്ങി.

കുറച്ചു കഴിഞ്ഞപ്പോൾ മുല്ലു മുയൽ കരച്ചിൽ നിറുത്തിയിട്ട് പറഞ്ഞു:



“ഇങ്ങനെ കരഞ്ഞിട്ടൊന്നും ഒരു കാര്യവുമില്ല. നമുക്ക് നാലു പേർക്കും ഒരുമിച്ചു ചെന്ന് ആ ദുട്ടപ്പൻ കടുവയെ നേരിടാം.”

പിന്നെ വൈകിയില്ല, വടിയും തടിയുമൊക്കെ എടുത്ത് അവർ ദുട്ടപ്പൻ കടുവയുടെ നേർക്കു ചെന്നു.

ദുട്ടപ്പൻ കടുവ ഒന്നു കിടുങ്ങി. ഒന്നോ രണ്ടോ പേർ ആയിരുന്നെങ്കിൽ ഒരു കൈ നോക്കാമായിരുന്നു. ഇത് നാലു പേരുണ്ട്. അവരോട് കളിച്ച് അടിയും ഇടിയുമൊക്കെ വാങ്ങി നാണംകെടുന്നതിനെക്കാൾ നല്ലത് ഓടി രക്ഷപ്പെടുന്നതാണ്. അടുത്ത നിമിഷം അവൻ, വാലും ചുരുട്ടി ഒറ്റ ഓട്ടം വെച്ചുകൊടുത്തു.

പിന്നീടുള്ള കാലം അവർ നാലു പേരും ഒരുമയോടെ ആ പച്ചക്കറിത്തോട്ടം നോക്കിനടത്തി. അവരെ ഉപദ്രവിക്കാൻ ആരും പിന്നെ ശ്രമിച്ചില്ല.

**കഥാസാരം**

രാജകുമാരിക്ക് കലശലായ പനി. കാലിന് നീർവീഴ്ചയും. കൊടും കാട്ടിൽ വളരുന്ന ചക്കര ഇഞ്ചിങ്ങ എന്ന ചെടിയുടെ വേര് ചവച്ചരച്ച് കഴിച്ചാലേ ദീനം മാറൂ എന്ന് കൊട്ടാരം വൈദ്യര് പറഞ്ഞു. ചക്കര ഇഞ്ചിങ്ങ തേടി വൈദ്യരുടെ അസിസ്റ്റന്റ് ജിക്രുവിനെയും സൈനികരായ ഇഞ്ചനെയും ജിഞ്ചനെയും കൊടുംകാട്ടിലേക്ക് പറഞ്ഞയക്കാൻ തീരുമാനിച്ചു. ചക്കര ഇഞ്ചിങ്ങ കൊണ്ടുവന്നാൽ സ്വർണനാണയം സമ്മാനമുണ്ടാകുമെന്നും രാജാവ് പ്രഖ്യാപിച്ചു. അങ്ങനെയവർ ചക്കര ഇഞ്ചിങ്ങയും അന്വേഷിച്ച് കാട്ടിലൂടെയുള്ള യാത്ര തുടങ്ങി. ഒരുപാട് അലഞ്ഞതിന് ശേഷം അവർ നിറയെ മഞ്ഞപ്പൂക്കളുള്ള കുന്നിൽ എത്തി. കുറച്ച് തിരഞ്ഞതിന് ശേഷം അവർ ചക്കര ഇഞ്ചിങ്ങ കണ്ടെത്തി. തിരികെ വരുമ്പോൾ വഴിയറിയാതെ കാട്ടിലകപ്പെട്ട ഒരു കുട്ടിയെ അവർ അവന്റെ വീട്ടിലെത്തിച്ചു. ശേഷം കൊട്ടാരത്തിലേക്ക് തിരിച്ചു.

**വാലിൽ കൊഴുപ്പ് സംഭരിച്ചു വെക്കുന്ന ജീവി– പല്ലി**